കേരള സർക്കാർ

നിയമ (ഭരണ-I) വകുപ്പ്

# കേരള ഔദ്യോഗിക ഭാഷ (നിയമ നിർമ്മാണ) കമ്മീഷന്റെ ഭരണ റിപ്പോർട്ട്

## 2023 –24

©
കേരള സർക്കാർ
2024

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം സർക്കാർ
മുദ്രനിർമ്മാണശാലയിൽ അച്ചടിച്ചത്-2024.

നിയമ (ഭരണ-I) വകുപ്പ്

# കേരള ഔദ്യോഗിക ഭാഷ (നിയമ നിർമ്മാണ) കമ്മീഷന്റെ ഭരണ റിപ്പോർട്ട്

## 2023–24

GOVERNMENT OF KERALA

**Abstract**

Law Department—Administration Report of the Official Language (Legislative) Commission, Kerala for the Year 2023-2024—Review—Orders Issued

LAW (ADMINISTRATION-I) DEPARTMENT

**G.O. (P) No. 12/2024/LAW.** Dated, Thiruvananthapuram, 3rd July 2024.

*Read:*—Letter No. 295/A3/2023/OL (L) C Dated, 11-6-2024 of the Secretary, Official Language (Legislative) Commission, Kerala, Thiruvananthapuram.

**ORDER**

On the basis of the recommendation of the Parliamentary Committee constituted under Article 344 (4) of the Constitution of India, a Presidential Order was issued so as to constitute Official Language (Legislative) Commission at the Central level. In pursuance of the said order, the Central Official Language (Legislative) Commission was constituted in the year 1961. Thenceforth, the Ministry of Law, Government of India was entrusted with the responsibility of completing necessary preparatory measures for translating Central Laws. It was also entrusted with the task of planning and implementing the entire programme relating to translation of Central Laws. The Ministry was also made responsible for the preparation of Legal Terminology and Glossary for facilitating switch-over from English to Hindi and other Indian Languages. At that stage, it was decided that the translation of Central Laws into Regional Languages should be done at the Central Level in close collaboration with the appropriate agencies at the State level. For this, the Central Government agreed to bear all the expenses of the translation, printing and publication of the Central Acts in

3/57/2024/SMT.

Regional Languages. The above decision paved the way for the constitution of the Official Language (Legislative) Commissions in the States. Accordingly, the Government of Kerala vide order G.O. (Ms.) No. 42/68/Law dated 14-6-1968, constituted the Official Language (Legislative) Commission in the State of Kerala.

The Commission was constituted for the purpose of scrutinizing the Glossary of Standard Hindi Legal Terminology prepared by the Central Official Language (Legislative) Commission and suggesting modifications, if any, with a view to make them suitable for adoption into Malayalam. This was intended for scrutinizing the Malayalam Translations of the Central Acts, the Rules made thereunder etc. prepared by the Central Official Language (Legislative) Commission. It was also aimed at suggesting modifications to make the translations to the Malayalam Language and for translating the State Acts, Ordinances and the Rules made thereunder into Malayalam. Eventhough the State Commission was constituted to scrutinize the Malayalam translation of the Central Acts prepared by the Central Commission, the original translations are being done by the State Commission. Thereafter, those translations are send to the Official Language Wing of the Legislative Department in the Ministry of Law and Justice for approval. The Legislation wing of the Law Secretariat of the Government of Kerala is translating the State Acts, Bills, Ordinances etc. Presently, the State Commission is entrusted only with the task of translation and publication of the Central Acts. In implementing this scheme, the Commission is functioning on the basis of the directions issued by the Official Language Wing of the Ministry of Law and Justice, Government of India. The Government of India is meeting the expenses in connection with the translation, printing and publication of the Central Acts. The Commission is the one and only institution in the State, which has the exclusive authority to publish the Malayalam version of the Central Acts as authoritative texts.

In view of the provisions contained in section 2 of the Authoritative Texts (Central Laws) Act, 1973 (Act 50 of 1973), the translated version of the Central Acts published by the State Commission are the authoritative texts of those Acts. As such, these publications have the authority of the President of India by virtue of the said provision, the publications of the Commission have prime importance

especially when the Government of Kerala have decided to switch over from English to Malayalam, the language of the Subordinate Courts. As such, the Commission is taking maximum endeavor to publish all the Central Acts applicable to the State of Kerala in Malayalam. The Commission considers that such efforts would help the common man of the State to have access to the Central Laws in Malayalam language.

The Headquarters of the Commission is at Thiruvananthapuram. The Commission is under the administrative control of the Law Secretariat of the Government of Kerala.

**Composition**

The Commission consists of a full-time Chairperson and two full-time Members. The Chairperson is an officer in the cadre of Special Secretary/Senior Additional Secretary to Government, Law Secretariat, Government of Kerala and the Members are in the cadre of Additional Secretary to Government, Law Department, Government Secretariat. The Secretary of the Commission is an officer of the Law Department in the cadre of Joint Secretary to Government. For the smooth functioning of the Commission, the officers in the Commission are divided into three categories as mentioned below:

(i) *Technical wing:*—The Technical Wing consists of one Language Expert, four Draftsmen, two Language Assistants, four Assistants and three Confidential Assistants.

(ii) *Sales wing:*—This wing has been constituted as per G.O. (Ms.) No. 149/1986/Law dated 22-8-1986 for selling Malayalam version of Central Acts. Separate Officers are not appointed in this wing. Therefore, one Language Assistant and one Assistant in the Technical wing have been posted to attend the work of this wing.


(iii) *Administrative wing:*—This wing consists of the following officers:

1. Section Officer — 1
2. Assistants — 2
3. Accountant — 1

4. Confidential Assistant — 1
5. Office Superintendent — 1
6. Computer Assistants — 5+1 [Supernumerary post created vide G.O. (P) No. 7/16/SJD dated, 20-6-2016]
7. Clerical Assistant — 1
8. Binder — 1
9. Office Attendants — 3
10. Part-time Watcher — 1
11. Part-time Sweeper — 1

As per G.O. (Rt.) No. 341/2024/Law dated 16-3-2024, thirty eight (38) temporary posts of Official Language (Legislative) Commission obtained continuous sanction for a period of one year from 1-3-2024 to 28-2-2025.

**Organisational Chart of the Kerala Official Language (Legislative) Commission**



**Functions of the Commission**

Central Acts translated by the Assistants, Language experts and Draftsmen in the Technical wing are submitted before the Commission for approval. After examination with due care, the Commission approves the same with modifications, if any. After approval by the Commission, translated version of these Acts are forwarded to the Official Language Wing in the Legislative Department of the Ministry of Law and Justice, Government of India, New Delhi. If the Official Language Wing suggests any modifications, the translated versions will be returned with suggestions and proposed amendments. After considering such modifications, the translation in its final form will be sent to the Official Language Wing for placing them before the Working Group Meeting to be held at New Delhi. After approval of the Working Group, the Sign Manual of the translation is printed and forwarded to the Official Language Wing for obtaining the authentication of His Excellency, the President of India. The translated versions of the Acts approved by the President of India will be published in Part XI of the Gazette of India Extraordinary, which is set apart for Malayalam language, as provided under section 2 of the Authoritative Texts (Central Laws) Act, 1973. This will be made available for sale in book form from the Commission.

The Commission sells Malayalam versions of the Central Acts through approved booksellers and agents. Besides, the Acts are also sold to the general public, Institutions and Government offices. Out of the total value of the books, 75% goes to the Central Government, 20% as agents commission and the remaining 5% is given to the State Government as incidental expenses. The expenses for translating, printing and publishing the Acts are borne by the Central Government.

The 248 numbers of Malayalam translation of Central Acts have been already uploaded in the Official Website (www.lawsec.kerala.gov.in) of Law Department. Public can easily download these Central Acts at free of cost. During the financial year 2023-24 total 14 number of Central Acts were sold through the Sales Wing and an amount of ₹ 384 (Three hundred and eighty four rupees) collected as the price of books sold and remitted in the account of OL (L) C.

**Publications of the Official Language (Legislative) Commission**

As per the priority list forwarded from the Official Languages (OL) Wing, Ministry of Law and Justice, Government of India, Central Acts are being translated into malayalam version by the Assistants, Language experts and Draftsmen in the Technical wing of the Kerala Official Language (Legislative) Commission. The typed malayalam version is submitted before the Commission for approval. After scrutiny with due care, the Commission approves the same with modifications, if any. After approval by the Commission, translated version of these Acts are forwarded to the Official Languages Wing in the Legislative Department of the Ministry of Law and Justice, Government of India, New Delhi. If the Official Languages Wing suggests any modifications, the translations will be returned with such suggestions and proposed amendments. After considering such modifications, the translation in its final form will be sent to the Official Languages Wing for placing it before the Working Group Meeting held at New Delhi. After approval of the Working Group, the Sign Manual of the translation is printed and forwarded to the Official Language Wing for obtaining the authentication of His Excellency, the President of India, and after the authentication, the same will be published in Part XI of the Gazette of India Extraordinary, which is set apart for Malayalam language, as provided under Section 2 of the Authoritative Texts (Central Laws) Act, 1973. This will be made available in the Official Website (www.lawsec.kerala.gov.in) of Law Department and also for sale in book form from this Commission.

During the period from 1-4-2023 to 31-3-2024, apart from the work mentioned in items I to IX, the Commission has completed the work for publication of the Diglot Edition of the Constitution of India (incorporating upto 106th Amendment) and the printing works of the same is progressing at Government Press. The Central Acts that are mentioned in Item V has been approved by the Working Group meeting held in September, 2023 and those in Item No. IV are to be placed in the next Working Group meeting.

I. *During the period 2023-2024, translation of the following Acts and Glossary are in progress at Draftsman level, namely:—*

1. The Indian Antarctic Act, 2022
2. The Mediation Act, 2023
3. The National Nursing and Midwifery Commision Act, 2023

4. The National Dental Commission Act, 2023
5. The Bharatiya Nyaya Sanhita, 2023
6. The English-Hindi Bilingual Glossary

II. *During the period under report, the following Malayalam version of Central Acts are typed and are under scrutiny at Draftsman level, namely:—*

1. The Nalanda University Act, 2010
2. The Juvenile Justice (Care And Protection of Children) Act, 2015
3. The Black Money (Undisclosed Foreign Income and Assets) and Imposition of Tax Act, 2015
4. Dr. Rajendra Prasad Central Agricultural University Act, 2016
5. The Real Estate (Regulation and Development) Act, 2016
6. The Mines And Minerals (Development and Regulation) Act, 1957
7. The Banning of Unregulated Deposit Schemes Act, 2019
8. The Code on Wages Act, 2019
9. The National Commission for Indian System of Medicine Act, 2020
10. The Coinage Act, 2011
11. The Essential Commodities Act, 2020
12. The National Institute of Designs Act, 2014
13. The Rashtreeya Raksha University Act, 2020
14. The Prohibition of Employment as Manual Scavengers and their Rehabilitation Act, 2013
15. The Air (Prevention And Control of Pollution) Act, 1981
16. The National Institute of Mental Health And Neuro-Science, Bangalore Act, 2012
17. The Limited Liability Partnership Act, 2008

18. The Central Education Institutions (Reservation in Admission) Amendment Act, 2012

19. The Street Vendors (Protection of Livelihood and Regulation of Street Vending) Act, 2014

20. The National Medical Commission Act, 2019

21. The Jammu And Kashmir Reorganisation Act, 2019

22. The Commission for Air Quality Management in National Capital Region and Adjoining Areas Act, 2021

23. The National Institute of Food Technology, Entrepreneurship and Management Act, 2021

24. The Essential Defence Services Act, 2021

25. The Companies Act, 2013

26. The Narcotic Drugs and Psychotropic Substances Act, 1985

27. The Armed Forces Tribunal Act, 2007

28. The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013

29. The New Delhi International Arbitration Centre Act, 2019

30. The National Sports University Act, 2018

31. The Bilateral Netting of Qualified Financial Contracts Act, 2020

32. The National Capital Territory of Delhi (Recognition of Property Rights of Residents in Unauthorised Colonies) Act, 2019

33. The Protection of Children from Sexual Offences Act, 2012

34. The Maritime Anti-Piracy Act, 2022

35. The Commercial Courts Act, 2015

36. The Central Sanskrit University Act, 2020

37. The National Commission for Nomination Act, 2020

38. The Mental Health Care Act, 2017

III. *The following Central Acts are under scrutiny before the Commission during the period under Report:—*

1. The Bharatiya Sakshya Adhiniyam, 2023
2. The Citizenship Act, 1955
3. The Central Goods And Services Tax Act, 2017
4. The Jammu And Kashmir Official Languages Act, 2020
5. The Central Universities Act, 2009
6. The Tribunal Reforms Act, 2021
7. The National Bank For Financing Infrastructure and Development Act, 2021
8. The Assisted Reproductive Technology (Regulation) Act, 2021
9. The Marine Aid to Navigation Act, 2021
10. The Inter Services Organisation (Command, Control And Discipline) Act, 2023
11. The National Security Act, 1980
12. The National Commission for Allied and Health Care Professions Act, 2021
13. The Unlawful Activities (Amendment) Act, 2019
14. The Wakf (Amendment) Act, 2013
15. The Dam Safety Act, 2021
16. The Surrogacy (Regulation) Act, 2021
17. The Inland Vessels Act, 2021
18. The Central Educational Institution (Reservation in Teachers' Cadre) Act, 2019

IV. *The following Acts are sent to Central O. L Wing for the approval of next Working Group meeting, namely:—*

1. The Legal Metrology Act, 2009
2. The Criminal Procedure (Identification) Act, 2022

V. *The following Central Acts were approved by the Central Official Language Wing in the Working Group Meeting, namely:—*

1. The Prohibition of Electronic Cigarettes (Production, Manufacture, Import, Export, Transport, Sale, Distribution, Storage and Advertisement) Act, 2019
2. The International Financial Services Centres Authority Act, 2019
3. The Fugitive Economic Offenders Act, 2018
4. The Consumer Protection Act, 2019
5. The Institute of Teaching and Research in Ayurveda Act, 2020

VI. *The following Acts were forwarded to the Government Press for preparing Sign Manual, namely:—*

1. The Prohibition of Electronic Cigarettes (Production, Manufacture, Import, Export, Transport, Sale, Distribution, Storage and Advertisement) Act, 2019
2. The International Financial Services Centres Authority Act, 2019
3. The Fugitive Economic Offenders Act, 2018
4. The Consumer Protection Act, 2019
5. The Institute of Teaching and Research in Ayurveda Act, 2020

VII. *The following Central Acts were forwarded to the Government Press for publishing in the Central Gazette, namely:—*

1. The Dadra And Nagar Haveli and Daman And Diu (Merger of Union Territories) Act, 2019
2. The Transgender Persons (Protection of Rights) Act, 2019
3. The Administrators General Act, 1963

4. The Direct Tax Vivad Se Viswas Act, 2020

5. The Right of Persons with Disabilities Act, 2016

6. The Land Ports Authority of India Act, 2010

7. The Civil Liability for Nuclear Damage Act, 2010

8. The Salary and Allowances of Leaders of Opposition in Parliament Act, 1977

9. The Railway Property (Unlawful Possession) Act, 1966

10. The Building and other Construction Workers Welfare Cess Act, 1996

11. The National Green Tribunal Act, 2010

12. The Lokpal And Lokayuktas Act, 2013

13. The Collection of Statistics Act, 2008

14. The Clinical Establishment (Registration and Regulation) Act, 2010

15. The Sexual Harassment of Women at Workplace Act, 2013

16. The National Food Security Act, 2013

VIII. *The Following Central Acts were forwarded to the Government Press for Publication in Book Form, namely:—*

1. The Constitution of India (Second Diglot Edition) (Up to 106th Amendment)

2. The Petroleum And Minerals, Pipelines (Acquisition of Rights of User in Land) Act, 1962

IX. *The following Central Acts are at the stage of Republication, namely:—*

1. The Protection of Human Rights Act, 1993

2. The Family Courts Act, 1984

3. The Energy Conservation Act, 2001

4. The Copy Right Act, 1957

5. The Recovery of Debts due to Banks and Financial Institution Act, 1993

**Expenditure for the Year 2023-2024**

| *Sl. No.* | *Head of Account* | *Allotment 2023-24 in ₹* | *Expenditure in ₹* | *Surrendered/ Excess Expenditure in ₹* |
|---|---|---|---|---|
| 1 | 2070-00-119-98-01-Salary | 3,05,74,000. | 3,02,07,725 | 3,66,275 |
| 2 | 2070-00-119-98-02-Wages | 5,36,250 | 7,13,942 | –1,77,692 |
| 3 | 2070-00-119-98-04 Travel Expenses | 1,08,700 | 65,461 | 43,239 |
| 4 | 2070-00-119-98-05 Office Expenses | 2,98,950 | 2,41,412 | 57,538 |
| 5 | 2070-00-119-98-06-Rent (Rent, Rate and Taxes) | 5,80,000 | 5,49,645 | 30,355 |
| 6 | 2070-00-119-98-99-IT | 9,30,000 | 9,28,908 | 1,092 |
| | **Total** | **3,30,27,900** | **3,27,07,093** | **3,20,807** |

**Miscellaneous**

(i) *The Right to Information Act, 2005*

Under the Right to Information Act, 2005, the Secretary, Official Language (Legislative) Commission, Kerala, Thiruvananthapuram and the Special Secretary (Law) have been designated as the State Public Information Officer and the Appellate Authority respectively.

During the financial year 2023-2024, Five applications were received under the Right to Information Act, 2005. No appeal was pending for disposal during the said period.

(ii) *The Official Language Act*

The files in the office of the Commission are dealt within Official Language only.

(iii) *Computerisation*

As part of modernisation, the office of the Commission is listed for computerisation.

The official e-mail address maintained by the Commission are as follows:

ollc1968@gmail.com

The Official Language (Legislative) Commission, Kerala has achieved progress in its functioning in this financial year also.

By order of the Governor,

K. G. Sanal Kumar,
*Law Secretary.*

To:

The Principal Accountant General (Audit), Kerala, Thiruvananthapuram.

The Accountant General (A & E), Kerala, Thiruvananthapuram.

The Secretary, Secretariat of the Kerala Legislature, Thiruvananthapuram.

The General Administration (AR) Department, Government Secretariat.

The Chairperson/Members Official Language (Legislative) Commission Kerala, Thiruvananthapuram.

The Secretary, Official Language (Legislative) Commission, Kerala, Thiruvananthapuram.

The Secretary, State Information Commission, Government of Kerala.

The Law (Nodal) Department.

The Office Superintendent, Law Department.

The Director, Institute of Management in Government, Thiruvananthapuram.

The Indian Institute of Public Administration, Indraprastha Estate Ring Road, New Delhi.

Office Copy/Spare/Stock File.

# കേരള ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ) കമ്മീഷൻ

## 2023-2024 വർഷത്തെ ഭരണ റിപ്പോർട്ട്

## (1-4-2023 മുതൽ 31-3-2024 വരെ)

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ<br>(25-5-2016 മുതൽ തുടരുന്നു) |
| നിയമ മന്ത്രി | : | ശ്രീ. പി. രാജീവ്<br>(25-5-2021 മുതൽ തുടരുന്നു) |
| നിയമ സെക്രട്ടറി | : | ശ്രീ. വി. ഹരി നായർ<br>(16-6-2021 മുതൽ 31-7-2023 വരെ) |
| | | ശ്രീ. കെ. ജി. സനൽ കുമാർ<br>(3-8-2023 മുതൽ തുടരുന്നു) |
| ചെയർ പേഴ്സൺ/<br>ചെയർമാൻ | : | ശ്രീമതി ശോഭ നായർ എൽ.<br>(1-7-2020 മുതൽ 5-7-2023 വരെ) |
| | | ശ്രീമതി വനജകുമാരി പി.<br>(6-7-2023 മുതൽ 5-12-2023 വരെ) |
| | | ശ്രീമതി ശ്രീജ കെ. എസ്.<br>(6-12-2023 മുതൽ തുടരുന്നു) |
| ഫുൾടൈം മെമ്പർ | : | ശ്രീമതി വനജകുമാരി പി.<br>(11-2-2022 മുതൽ 5-7-2023 വരെ) |
| | | ശ്രീമതി മഞ്ജു മനസ്വിനി വി. ആർ.<br>(6-7-2023 മുതൽ തുടരുന്നു) |
| | | ശ്രീ. ശ്രീനിവാസ് സി. ഡി.<br>(22-7-2023 മുതൽ തുടരുന്നു) |
| സെക്രട്ടറി | : | ശ്രീമതി റാണി ആർ. എസ്.<br>(29-3-2023 മുതൽ തുടരുന്നു) |

## ആമുഖം

ഭാരതത്തിന്റെ വ്യാവസായികവും സാംസ്കാരികവും ശാസ്ത്രീയവുമായ പുരോഗതിക്കും പൊതുസേവനങ്ങൾ സംബന്ധിച്ച് ഹിന്ദി സംസാരിക്കാത്ത പ്രദേശങ്ങളിലുള്ള ആളുകളുടെ ന്യായമായ അവകാശങ്ങൾക്കും താൽപര്യങ്ങൾക്കും അർഹമായ പരിഗണന ഉണ്ടായിരിക്കണമെന്ന ലക്ഷ്യത്തോടെ ഔദ്യോഗിക ഭാഷ സംബന്ധിച്ച് ബഹുമാനപ്പെട്ട ഭാരത രാഷ്ട്രപതിക്ക് ശിപാർശ നൽകുന്നതിനായി ഒരു കമ്മീഷൻ രാഷ്ട്രപതി ഉത്തരവ് മുഖേന രൂപീകരിക്കണമെന്ന ഭാരതത്തിന്റെ ഭരണഘടനയിലെ 344-ാം അനുച്ഛേദത്തിലെ (1)-ഉം (3)-ഉം ഖണ്ഡങ്ങളിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച കമ്മീഷന്റെയും പ്രസ്തുത അനുച്ഛേദത്തിലെ 4-ാം ഖണ്ഡപ്രകാരം രൂപീകരിച്ച പാർലമെന്ററി കമ്മിറ്റിയുടെ ശിപാർശയുടെയും അടിസ്ഥാനത്തിലാണ് കേന്ദ്ര ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ) കമ്മീഷൻ 1961-ൽ രൂപീകരിക്കപ്പെട്ടത്. ഇതിനെ തുടർന്ന് കേന്ദ്ര നിയമങ്ങൾ പരിഭാഷപ്പെടുത്തി പ്രസിദ്ധപ്പെടുത്തുന്നത് കേന്ദ്ര നിയമ മന്ത്രാലയത്തിന്റെ ചുമതലയിലായിരുന്നു.

എന്നാൽ അതിനുശേഷം കേന്ദ്ര നിയമങ്ങൾ പ്രാദേശിക ഭാഷയിലേക്ക് പരിഭാഷപ്പെടുത്തി അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുന്ന എല്ലാ ചെലവുകളും കേന്ദ്രസർക്കാർ വഹിക്കാമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളിൽ ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ) കമ്മീഷൻ രൂപീകരിക്കുവാൻ തീരുമാനിക്കുകയും 14-6-1968-ലെ സ.ഉ. (കൈയ്യെഴുത്ത്) നമ്പർ 42/68/നിയമം എന്ന ഉത്തരവ് പ്രകാരം സംസ്ഥാനത്ത് കേരള ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ) കമ്മീഷൻ രൂപീകരിക്കുകയും ചെയ്തു. ഏതെങ്കിലും കേന്ദ്ര ആക്ടിന്റെയോ രാഷ്ട്രപതി വിളംബരം ചെയ്യുന്ന ഓർഡിനൻസിന്റെയോ ഭരണഘടനയുടെയോ കീഴിൽ പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവിന്റെയോ ചട്ടങ്ങളുടെയോ റെഗുലേഷനുകളുടെയോ ഹിന്ദി ഒഴികെ, ഭരണഘടനയുടെ എട്ടാം പട്ടികയിൽ വിനിർദ്ദേശിച്ചിരിക്കുന്ന ഏതെങ്കിലും ഭാഷയിൽ, രാഷ്ട്രപതിയുടെ അംഗീകാരത്തോടെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന പരിഭാഷ, അപ്രകാരമുള്ള ഭാഷയിലുള്ള അതിന്റെ ആധികാരിക പാഠമായിരിക്കുമെന്ന് 1973-ലെ ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്ടിന്റെ 2-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

മേൽപറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പ്രാബല്യത്തിലിരിക്കുന്ന കേന്ദ്രനിയമങ്ങളുടെ മലയാള പരിഭാഷ തയ്യാറാക്കി ആധികാരിക പാഠമായി പ്രസിദ്ധീകരിക്കുകയും അതുവഴി നിയമങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമാകുകയും ചെയ്യുന്നതോടൊപ്പം ഭരണഭാഷ

പ്രാദേശിക ഭാഷയിലായിരിക്കണം എന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നയം നടപ്പിലാക്കുന്നത് ത്വരിതപ്പെടുത്തുന്ന കർത്തവ്യവും കൂടിയാണ് കേന്ദ്രനിയമങ്ങളുടെ മലയാള പരിഭാഷ ആധികാരിക പാഠങ്ങളായി തയ്യാറാക്കുന്നതിലൂടെ കേരള ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ) കമ്മീഷൻ നിർവഹിക്കുന്നത്. മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്ന കേന്ദ്രനിയമങ്ങൾ, 1973-ലെ ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്ട് പ്രകാരം, കേന്ദ്രസർക്കാരിന്റെ നിയമ നീതിന്യായ മന്ത്രാലയത്തിലെ നിയമനിർമ്മാണ വകുപ്പിലെ ഔദ്യോഗിക ഭാഷ വിഭാഗം മുഖേന രാഷ്ട്രപതിയുടെ അംഗീകാരം വാങ്ങി ഭാരത സർക്കാരിന്റ ഗസറ്റിൽ മലയാളഭാഷയ്ക്കായി നിശ്ചയിച്ചിരിക്കുന്ന ഭാഗം XI-ൽ സംസ്ഥാനത്ത് പ്രസിദ്ധീകരിക്കുന്നു. ഇപ്രകാരം പ്രസിദ്ധീകരിക്കുന്ന ആധികാരിക പാഠങ്ങൾ അച്ചടിച്ച് പുസ്തകങ്ങളാക്കി സംസ്ഥാന കമ്മീഷന്റെ വിൽപ്പന വിഭാഗം മുഖേന പൊതുജനങ്ങൾക്കും സംസ്ഥാനങ്ങൾക്കും വിൽപ്പന നടത്തുകയും ചെയ്യുന്നു.

കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന 'മുൻഗണനാപട്ടികയുടെ' അടിസ്ഥാനത്തിലാണ് കേന്ദ്ര ആക്ടുകളുടെ മലയാള പരിഭാഷ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നത്. പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. തിരുവനന്തപുരം ആസ്ഥാനമായുള്ള കമ്മീഷൻ, കേരള സർക്കാരിന്റെ നിയമ വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്.

ഘടന

ഒരു മുഴുവൻ സമയ ചെയർപേഴ്സണും രണ്ട് മുഴുവൻ സമയ അംഗങ്ങളും ഉൾപ്പെടുന്നതാണ് കമ്മീഷൻ. നിയമവകുപ്പിലെ സ്പെഷ്യൽ സെക്രട്ടറി/സീനിയർ അഡീഷണൽ സെക്രട്ടറിയാണ് ചെർപേഴ്സനായി നിയമിക്കപ്പെടുന്നത്. രണ്ട് മുഴുവൻ സമയ അംഗങ്ങൾ നിയമ വകുപ്പിലെ അഡീഷണൽ സെക്രട്ടറിമാരാണ്. നിയമ വകുപ്പിലെ ഒരു ജോയിന്റ് സെക്രട്ടറിയെയാണ് കമ്മീഷന്റെ സെക്രട്ടറിയായി നിയമിക്കപ്പെടുന്നത്.

കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് വേണ്ടി ഉദ്യോഗസ്ഥരെ താഴെപറയും വിധത്തിൽ മൂന്നായി തരംതിരിച്ചിരിക്കുന്നു.

1. *സാങ്കേതിക വിഭാഗം:*—നിയമ വകുപ്പിലെ അണ്ടർ സെക്രട്ടറി പദവിയിലുള്ള ഒരു ഭാഷ വിദഗ്ദ്ധനും നാല് ഡ്രാഫ്റ്റ്സ്മാൻമാരും സെക്ഷൻ ഓഫീസർ പദവിയിലുള്ള രണ്ട് ലാംഗ്വേജ് അസിസ്റ്റന്റുമാരും ലീഗൽ അസിസ്റ്റന്റ് പദവിയിലുള്ള നാല് അസിസ്റ്റന്റുമാരും മൂന്ന് കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരും ഉൾപ്പെടുന്നതാണ് സാങ്കേതിക വിഭാഗം.


2. *വിൽപ്പന വിഭാഗം:*—കേന്ദ്ര നിയമങ്ങളുടെ ആധികാരിക പാഠങ്ങളുടെ വിൽപനയ്ക്കായി 22-8-1986-ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നമ്പർ 149/1986/നിയമം പ്രകാരം രൂപീകരിച്ചതാണ് ഈ വിഭാഗം. ഈ വിഭാഗത്തിലേക്കായി പ്രത്യേക ഉദ്യോഗസ്ഥരെ അനുവദിച്ചിട്ടില്ല. ആയതിനാൽ സാങ്കേതിക വിഭാഗത്തിലെ ഒരു ലാംഗ്വേജ് അസിസ്റ്റന്റിന്റെയും ഒരു അസിസ്റ്റന്റിന്റെയും ചുമതലയിലാണ് വിൽപന വിഭാഗം പ്രവർത്തിക്കുന്നത്.

3. *ഭരണ വിഭാഗം:*—താഴെപറയുന്ന ഉദ്യോഗസ്ഥൻമാർ ഉൾപ്പെടുന്നതാണ് ഭരണ വിഭാഗം:

| | | |
|---|---|---|
| 1. സെക്ഷൻ ഓഫീസർ | — | 1 |
| 2. അസിസ്റ്റന്റ് | — | 2 |
| 3. അക്കൗണ്ടന്റ് | — | 1 |
| 4. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | — | 1 |
| 5. ഓഫീസ് സൂപ്രണ്ട് | — | 1 |
| 6. കമ്പ്യൂട്ടർ അസിസ്റ്റന്റ് | — | 5+1 [20-6-2016-ലെ സ.ഉ. (പി.) നമ്പർ 7/2016/സ.നി.വ. ഉത്തരവ് പ്രകാരം 1 സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചു] |
| 7. ക്ലറിക്കൽ അസിസ്റ്റന്റ് | — | 1 |
| 8. ബൈന്റർ | — | 1 |
| 9. ഓഫീസ് അറ്റൻഡന്റ് | — | 3 |
| 10. പാർട്ട്ടൈം സ്വീപ്പർ | — | 1 |
| 11. പാർട്ട്ടൈം വാച്ചർ | — | 1 |

16-3-2024-ലെ സ.ഉ. (സാധാ.) നമ്പർ 341/2024/നിയമം പ്രകാരം കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷനിലെ 38 താൽക്കാലിക തസ്തികകൾക്ക് 1-3-2024 മുതൽ 28-2-2025 വരെ ഒരു വർഷത്തേക്ക് തുടർച്ചാനുമതി ലഭിച്ചിട്ടുണ്ട്.

**ഓർഗനൈസേഷൻ ഘടന**


ചെയർപേഴ്സൺ
കോൺഫിഡൻഷ്യൽ
അസിസ്റ്റന്റ്
മെമ്പർ-I
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്
മെമ്പർ-II
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്
സെക്രട്ടറി
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്
ഭാഷാ വിദഗ്ദ്ധൻ (1)
ഡ്രാഫ്റ്റ്സ് മാൻ (2)
ഡ്രാഫ്റ്റ്സ് മാൻ (3)
ഡ്രാഫ്റ്റ്സ് മാൻ (4)
ഡ്രാഫ്റ്റ്സ് മാൻ (5)
ഭരണം
1. സെക്ഷൻ ഓഫീസർ
2. ലീഗൽ അസിസ്റ്റന്റ് (A1)
3. ലീഗൽ അസിസ്റ്റന്റ് (A2)
4. ലീഗൽ അസിസ്റ്റന്റ് (A3)
5. കമ്പ്യൂട്ടർ അസിസ്റ്റന്റ്
6. ഓഫീസ് അറ്റൻഡന്റ്
സാങ്കേതിക വിഭാഗം
1. ലാംഗേജ് അസിസ്റ്റന്റ്
2. ലീഗൽ അസിസ്റ്റന്റ് (TW1)
3. ലീഗൽ അസിസ്റ്റന്റ് (TW2)
4. ലീഗൽ അസിസ്റ്റന്റ് (TW3)
5. കമ്പ്യൂട്ടർ അസിസ്റ്റന്റ്
6. കമ്പ്യൂട്ടർ അസിസ്റ്റന്റ്
7. കമ്പ്യൂട്ടർ അസിസ്റ്റന്റ്
8. കമ്പ്യൂട്ടർ അസിസ്റ്റന്റ്
9. ഓഫീസ് അറ്റൻഡന്റ്
വിൽപ്പന വിഭാഗം
1. ലാംഗ്വേജ് അസിസ്റ്റന്റ്
2. ലീഗൽ അസിസ്റ്റന്റ് (SW1)
3. കമ്പ്യൂട്ടർ അസിസ്റ്റന്റ്
ഓഫീസ് സെക്ഷൻ
1. ഓഫീസ് സുപ്രണ്ട്
2. ക്ലറിക്കൽ അസിസ്റ്റന്റ്
3. ബൈന്റർ
4. ഓഫീസ് അറ്റൻഡന്റ്
പാർട്ട് ടൈം സ്വീപ്പർ
പാർട്ട് ടൈം വാച്ചർ

**കമ്മീഷന്റെ പ്രവർത്തനം**

സാങ്കേതിക വിഭാഗത്തിൽനിന്നും അസിസ്റ്റന്റുമാർ, ഡ്രാഫ്റ്റ്സ്മാൻമാർ, ഭാഷാവിദഗ്ദ്ധൻ എന്നിവർ തയ്യാറാക്കുന്ന കേന്ദ്ര നിയമങ്ങളുടെ പരിഭാഷ വളരെ അവധാനപൂർവം പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി കമ്മീഷൻ അംഗീകരിക്കുകയും അവയെ കേന്ദ്രസർക്കാരിന്റെ ഔദ്യോഗിക ഭാഷാ വിഭാഗത്തിന് അയച്ചുകൊടുക്കുകയും ചെയ്യുന്നു. മാറ്റങ്ങൾ ആവശ്യ മെന്നുതോന്നുന്നപക്ഷം അതിനായുള്ള നിർദ്ദേശങ്ങൾ സഹിതം കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക ഭാഷാവിഭാഗം കമ്മീഷന്റെ പരിഗണനയ്ക്കായി പരിഭാഷ തിരികെ അയക്കുകയും കമ്മീഷൻ പരിഭാഷ പുനഃപരിശോധിച്ച് കേന്ദ്രസർക്കാരിലേക്ക് വീണ്ടും അയച്ചുകൊടുക്കുകയും ചെയ്യുന്നു. ആക്ടുകളുടെ മലയാളപരിഭാഷ സൂക്ഷ്മപരിശോധന നടത്തി അംഗീകരി ക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും വർക്കിംഗ് ഗ്രൂപ്പിന്റെ അന്തിമ അംഗീകാരത്തിനുശേഷം പ്രസ്തുത പരിഭാഷയുടെ സൈൻമാന്വൽ അച്ചടിച്ച് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നു. രാഷ്ട്രപതിയുടെ അംഗീകാരത്തോടുകൂടി തിരികെ ലഭിക്കുന്ന പരിഭാഷകൾ 1973-ലെ ആധികാരിക പാഠങ്ങൾ (കേന്ദ്രനിയമങ്ങൾ) ആക്ടിലെ 2-ാം വകുപ്പ് പ്രകാരം ഭാരത സർക്കാരിന്റെ ഗസറ്റിൽ മലയാള ഭാഷയ്ക്കായി നിശ്ചയിച്ചിരിക്കുന്ന ഭാഗം XI-ൽ അസാധാരണ ഗസറ്റായി സംസ്ഥാനത്ത് പ്രസിദ്ധീകരിക്കുന്ന തോടൊപ്പം ആക്ടുകൾ പുസ്തകരൂപത്തിലുംകൂടി തയ്യാറാക്കി വിൽപന വിഭാഗം മുഖേന വിൽപന നടത്തുകയും ചെയ്യുന്നു.

കമ്മീഷൻ, കേന്ദ്ര നിയമങ്ങളുടെ പരിഭാഷ കേരളത്തിലെ അംഗീകൃത പുസ്തക വ്യാപാരികൾ മുഖേനയും അംഗീകൃത ഏജന്റുമാർ മുഖേനയും വിൽപ്പന നടത്തിവരുന്നു. കൂടാതെ, കമ്മീഷൻ ഓഫീസിൽനിന്നും പൊതു ജനങ്ങൾക്കും സ്ഥാപനങ്ങൾക്കും സർക്കാർ ഓഫീസുകൾക്കും പുസ്തകങ്ങൾ നേരിട്ട് വിൽപ്പന നടത്തുന്നുണ്ട്. പുസ്തക വിലയുടെ 75% തുക കേന്ദ്ര സർക്കാരിനും 20% തുക ഏജന്റിനും അവശേഷിക്കുന്ന 5% തുക ബന്ധപ്പെട്ട ചെലവുകൾക്കായി സംസ്ഥാന സർക്കാരിനുമാണ് ലഭിക്കുന്നത്. കേന്ദ്ര സർക്കാരാണ് ആക്ടുകൾ പരിഭാഷപ്പെടുത്തുന്നതിന്റെയും അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുന്നതിന്റെയും ചെലവുകൾ വഹിക്കുന്നത്.

248 കേന്ദ്ര ആക്ടുകളുടെ മലയാള പരിഭാഷ നിയമ വകുപ്പിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ഭൂരിഭാഗം കേന്ദ്ര ആക്ടുകൾ അപ്‌ലോഡ് ചെയ്തുകഴിഞ്ഞതിനാൽ പൊതുജനങ്ങൾക്ക് നിയമ വകുപ്പിന്റെ

ഔദ്യോഗിക വെബ്സൈറ്റ് (www.lawsec.kerala.gov.in) സന്ദർശിച്ച് സൗജന്യമായി കേന്ദ്ര ആക്ടുകളുടെ സോഫ്റ്റ് കോപ്പി ഡൗൺലോഡ് ചെയ്യാവുന്നതാണ്. 2023-24 സാമ്പത്തിക വർഷം ആകെ 14 കേന്ദ്ര ആക്ടുകൾ വിൽപന വിഭാഗത്തിലൂടെ വിൽപന നടത്തിയതിൽ ആകെ ₹384 രൂപ ലഭിച്ചിട്ടുള്ളതും ആയത് ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ) കമ്മീഷൻ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതുമാണ്.

**കമ്മീഷന്റെ പ്രസിദ്ധീകരണങ്ങൾ**

ഭാരത സർക്കാരിന്റെ നിയമ നീതിന്യായ മന്ത്രാലയത്തിലെ ഔദ്യോഗിക ഭാഷാ വിഭാഗത്തിൽനിന്ന് അയക്കുന്ന മുൻഗണനാ പട്ടികയനുസരിച്ച് കേന്ദ്ര നിയമങ്ങൾ, കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷനിലെ സാങ്കേതിക വിഭാഗത്തിലെ അസിസ്റ്റന്റുമാർ, ഡ്രാഫ്റ്റ്സ്മാൻമാർ, ഭാഷാ വിദഗ്ദ്ധൻ എന്നിവർ മലയാളത്തിലേക്ക് പരിഭാഷ ചെയ്യുന്നു. ടൈപ്പ് ചെയ്ത മലയാള പരിഭാഷ കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. വളരെ അവധാനപൂർവം പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി കമ്മീഷൻ അംഗീകരിക്കുകയും അവയെ ന്യൂഡൽഹിയിലെ ഭാരത സർക്കാരിന്റെ നിയമ നീതിന്യായ മന്ത്രാലയത്തിലെ ഔദ്യോഗിക ഭാഷാ വിഭാഗത്തിന് അയച്ചു കൊടുക്കുകയും ചെയ്യുന്നു. ഔദ്യോഗിക ഭാഷാ വിഭാഗത്തിന് പ്രസ്തുത പരിഭാഷകളിൽ മാറ്റങ്ങൾ ആവശ്യമാണെന്നു തോന്നുന്നപക്ഷം അതിനായുള്ള നിർദ്ദേശങ്ങൾ സഹിതം കമ്മീഷന്റെ പരിഗണനയ്ക്കായി തിരികെ അയയ്ക്കുകയും കമ്മീഷൻ പരിഭാഷകൾ പുനഃപരിശോധിച്ച് കേന്ദ്ര സർക്കാരിലേക്ക് വീണ്ടും അയച്ചുകൊടുക്കുകയും ചെയ്യുന്നു. കേന്ദ്ര ആക്ടുകളുടെ മലയാള പരിഭാഷ സൂക്ഷ്മ പരിശോധന നടത്തി അംഗീകരി ക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും വർക്കിംഗ് ഗ്രൂപ്പിന്റെ അന്തിമ അംഗീകാരത്തിനുശേഷം പ്രസ്തുത പരിഭാഷയുടെ സൈൻമാന്വൽ അച്ചടിച്ച്, ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നു. ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരത്തോടുകൂടി തിരികെ ലഭിക്കുന്ന പരിഭാഷകൾ, 1973-ലെ ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്ടിലെ 2-ാം വകുപ്പ് പ്രകാരം ഭാരത സർക്കാരിന്റെ ഗസറ്റിൽ മലയാള ഭാഷയ്ക്കായി നിശ്ചയി ച്ചിരിക്കുന്ന ഭാഗം XI-ൽ അസാധാരണ ഗസറ്റായി സംസ്ഥാനത്ത് പ്രസിദ്ധീ കരിക്കുന്നു. കമ്മീഷനിൽ ഇവ നിയമ വകുപ്പിന്റെ (www.lawsec.kerala.gov.in) എന്ന ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാക്കുകയും പുസ്തകരൂപത്തിൽ തയ്യാറാക്കി വിൽപനയ്ക്കായി ലഭ്യമാക്കുകയും ചെയ്യുന്നു.

1-4-2023 മുതൽ 31-3-2024 വരെയുള്ള കാലഘട്ടത്തിൽ ഇനം I മുതൽ IX വരെ ചുവടെ സൂചിപ്പിച്ചിരിക്കുന്ന വിഷയങ്ങൾക്ക് പുറമേ ഭാരതത്തിന്റെ ഭരണഘടനയുടെ ദ്വിഭാഷാ പതിപ്പ് (106-ാം ഭേദഗതി വരെ ഉൾപ്പെടുത്തിയത്) പ്രസിദ്ധീകരിക്കുന്നതിനുള്ള ജോലികൾ കമ്മീഷൻ പൂർത്തീകരിച്ച് പുസ്തകരൂപത്തിൽ അച്ചടിക്കുന്നതിനായുള്ള അന്തിമ നടപടികൾ ഗവൺമെന്റ് പ്രസ്സിൽ പുരോഗമിച്ചുവരുന്നു. കൂടാതെ ഇനം V-ൽ സൂചിപ്പിച്ചിട്ടുള്ള കേന്ദ്ര ആക്ടുകൾക്ക് സെപ്റ്റംബർ 2023-ൽ ചേർന്ന കേന്ദ്ര ഔദ്യോഗിക ഭാഷാ വിഭാഗത്തിന്റെ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ അംഗീകാരം ലഭിച്ചിട്ടുള്ളതും ഇനം IV-ൽ സൂചിപ്പിച്ചിട്ടുള്ള ആക്ടുകൾ ഇനി വരുന്ന വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിന്റെ അംഗീകാരത്തിനായി മാറ്റി വച്ചിട്ടുള്ളതുമാണ്.

I. *2023-2024 കാലയളവിൽ താഴെപ്പറയുന്ന കേന്ദ്ര നിയമങ്ങളുടെയും ഗ്ലോസറിയുടെയും പരിഭാഷ ഡ്രാഫ്റ്റ്സ്മാൻ തലത്തിൽ നടന്നുവരുന്നു, അതായത്:—*

1. ദി ഇൻഡ്യൻ അന്റാർട്ടിക് ആക്ട്, 2022
2. ദി മീഡിയേഷൻ ആക്ട്, 2023
3. ദി നാഷണൽ നഴ്സിംഗ് ആന്റ് മിഡ്‌വൈഫറി കമ്മീഷൻ ആക്ട്, 2023
4. ദി നാഷണൽ ഡന്റൽ കമ്മീഷൻ ആക്ട് 2023
5. ദി ഭാരതീയ ന്യായ സംഹിത, 2023
6. ഇംഗ്ലീഷ്-ഹിന്ദി ബൈലിംഗ്വൽ ഗ്ലോസറി

II. *മലയാള പരിഭാഷ ടൈപ്പ് ചെയ്തതിന് ശേഷം താഴെപ്പറയുന്ന കേന്ദ്ര നിയമങ്ങൾ ഡ്രാഫ്റ്റ്സ്മാൻ തലത്തിൽ സൂക്ഷ്മ പരിശോധന നടത്തിവരുന്നു, അതായത്:—*

1. ദി നളന്ദ യൂണിവേഴ്സിറ്റി ആക്ട്, 2010
2. ദി ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട്, 2015
3. ദി ബ്ലാക് മണി (അൺഡിസ്ക്ലോസ്ഡ് ഫോറിൻ ഇൻകം ആന്റ് അസെറ്റ്സ്) ആന്റ് ഇമ്പോസിഷൻ ഓഫ് ടാക്സ് ആക്ട്, 2015
4. ഡോ. രാജേന്ദ്ര പ്രസാദ് സെൻട്രൽ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ആക്ട്, 2016

5. ദി റിയൽ എസ്റ്റേറ്റ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ട്, 2016
6. ദി മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ട്, 1957
7. ദി ബാനിംഗ് ഓഫ് അൺറഗുലേറ്റഡ് ഡിപ്പോസിറ്റ് സ്കീംസ് ആക്ട്, 2019
8. ദി കോഡ് ഓൺ വേജസ് ആക്ട്, 2019
9. ദി നാഷണൽ കമ്മീഷൻ ഫോർ ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ ആക്ട്, 2020
10. ദി കൊയിനേജ് ആക്ട്, 2011
11. ദി എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ട്, 2020
12. ദി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻസ് ആക്ട്, 2014
13. ദി രാഷ്ട്രീയ രക്ഷാ യൂണിവേഴ്സിറ്റി ആക്ട്, 2020
14. ദി പ്രോഹിബിഷൻ ഓഫ് എംപ്ലോയ്മെന്റ് ആസ് മാനുവൽ സ്കാവഞ്ചേഴ്സ് ആന്റ് ദെയർ റിഹാബിലിറ്റേഷൻ ആക്ട്, 2013
15. ദി എയർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊലൂഷൻ) ആക്ട്, 1981
16. ദി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ്, ബാംഗ്ലൂർ ആക്ട്, 2012
17. ക്ലിപ്ത ബാധ്യതാ പങ്കാളിത്ത ആക്ട്, 2008
18. ദി സെൻട്രൽ എജ്യുക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് (റിസർവേഷൻ ഇൻ അഡ്മിഷൻ) അമൻഡ്മെന്റ്സ് ആക്ട്, 2012
19. ദി സ്ട്രീറ്റ് വെൻഡേഴ്സ് (പ്രൊട്ടക്ഷൻ ഓഫ് ലൈവ്ലിഹുഡ് ആന്റ് റഗുലേഷൻ ഓഫ് സ്ട്രീറ്റ് വെൻഡിംഗ്) ആക്ട്, 2014
20. ദി നാഷണൽ മെഡിക്കൽ കമ്മീഷൻ ആക്ട്, 2019
21. ദി ജമ്മു ആന്റ് കാശ്മീർ റീ ഓർഗനൈസേഷൻ ആക്ട്, 2019
22. ദി കമ്മീഷൻ ഫോർ എയർ ക്വാളിറ്റി മാനേജ്മെന്റ് ഇൻ നാഷണൽ ക്യാപ്പിറ്റൽ റീജിയൺ ആന്റ് അഡ്ജോയിനിംഗ് ഏരിയാസ് ആക്ട്, 2021
23. ദി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി, എന്റർപ്രണർഷിപ്പ് ആന്റ് മാനേജ്മെന്റ് ആക്ട്, 2021

24. ദി എസ്സൻഷ്യൽ ഡിഫൻസ് സർവീസസ് ആക്ട്, 2021

25. ദി കമ്പനീസ് ആക്ട്, 2013

26. ദി നർകോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ട്, 1985

27. ദി ആമ്ഡ് ഫോഴ്സസ് ട്രിബ്യൂണൽ ആക്ട്, 2007

28. ദി റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻലാന്റ് അക്വിസിഷൻ, റിഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് ആക്ട്, 2013

29. ദി ന്യൂഡൽഹി ഇന്റർനാഷണൽ ആർബിട്രേഷൻ സെന്റർ ആക്ട്, 2019

30. ദി നാഷണൽ സ്പോർട്ട്സ് യൂണിവേഴ്സിറ്റി ആക്ട്, 2018

31. ദി ബൈലാറ്ററൽ നെറ്റിംഗ് ഓഫ് ക്വാളിഫൈഡ് ഫിനാൻഷ്യൽ കോൺട്രാക്ട്സ് ആക്ട്, 2020

32. ദി നാഷണൽ ക്യാപ്പിറ്റൽ ടെറിറ്ററി ഓഫ് ഡൽഹി (റെക്കഗ്നിഷൻ ഓഫ് പ്രോപ്പർട്ടി റൈറ്റ്സ് ഓഫ് റെസിഡന്റ്സ് ഇൻ അൺഓതറൈസ്ഡ് കോളനീസ്) ആക്ട്, 2019

33. ദി പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് ആക്ട്, 2019

34. ദി മാരിടൈം ആന്റി പൈറസി ആക്ട്, 2022

35. ദി കൊമേഴ്സ്യൽ കോർട്ട്സ് ആക്ട്, 2015

36. ദി സെൻട്രൽ സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റി ആക്ട്, 2020

37. ദി നാഷണൽ കമ്മീഷൻ ഫോർ നോമിനേഷൻ ആക്ട്, 2020

38. ദി മെന്റൽ ഹെൽത്ത് കെയർ ആക്ട്, 2017

III. *റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ സൂക്ഷ്മ പരിശോധന നടത്തി വരുന്ന കേന്ദ്ര നിയമങ്ങൾ, അതായത്:—*

1. ദി ഭാരതീയ സാക്ഷ്യ അധിനിയം, 2023

2. ദി സിറ്റിസൺഷിപ്പ് ആക്ട്, 1955

3. ദി സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ട്, 2017
4. ദി ജമ്മു ആന്റ് കാശ്മീർ ഒഫീഷ്യൽ ലാംഗ്വേജസ് ആക്ട്, 2020
5. ദി സെൻട്രൽ യൂണിവേഴ്സിറ്റീസ് ആക്ട്, 2009
6. ദി ട്രിബ്യൂണൽ റിഫോംസ് ആക്ട്, 2021
7. ദി നാഷണൽ ബാങ്ക് ഫോർ ഫിനാൻസിംഗ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ഡെവലപ്മെന്റ് ആക്ട്, 2021
8. ദി അസിസ്റ്റഡ് റീ പ്രൊഡക്റ്റീവ് ടെക്നോളജി (റെഗുലേഷൻ) ആക്ട്, 2021
9. ദി മറൈൻ എയ്ഡ് ടു നാവിഗേഷൻ, ആക്ട്, 2021
10. ദി ഇന്റർ സർവീസസ് ഓർഗനൈസേഷൻ (കമാൻഡ്സ്, കൺട്രോൾ ആന്റ് ഡിസിപ്ലിൻ) ആക്ട്, 2023
11. ദി നാഷണൽ സെക്യൂരിറ്റി ആക്ട്, 1980
12. ദി നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആന്റ് ഹെൽത്ത് കെയർ പ്രൊഫഷൻസ് ആക്ട്, 2021
13. ദി അൺലോഫുൾ ആക്റ്റിവിറ്റീസ് (അമെന്റ്മെന്റ്) ആക്ട്, 2019
14. ദി വഖഫ് (അമെന്റ്മെന്റ്) ആക്ട്, 2013
15. ദി ഡാം സേഫ്റ്റി ആക്ട്, 2021
16. ദി സറോഗസി (റെഗുലേഷൻ) ആക്ട്, 2021
17. ദി ഇൻലാന്റ് വെസൽസ് ആക്ട്, 2021
18. കേന്ദ്രീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ (അധ്യാപകരുടെ കേഡർ സംവരണം) ആക്ട്, 2019

IV. *കമ്മീഷൻ സൂക്ഷ്മ പരിശോധന നടത്തി വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ വയ്ക്കുന്നതിന് കേന്ദ്ര. ഒ. എൽ. വിംഗിലേയ്ക്ക് അയച്ചുകൊടുത്തത്:—*

1. ദി ലീഗൽ മെട്രോളജി ആക്ട്, 2009
2. ദി ക്രിമിനൽ പ്രൊസീജ്യർ (ഐഡന്റിഫിക്കേഷൻ) ആക്ട്, 2022

V. *കേന്ദ്ര ഔദ്യോഗിക ഭാഷാ വിഭാഗത്തിന്റെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ താഴെപ്പറയുന്ന കേന്ദ്ര നിയമങ്ങൾ അംഗീകരിച്ചു, അതായത്:—*

1. ഇലക്ട്രോണിക് സിഗററ്റുകളുടെ നിരോധനം (ഉൽപാദനവും നിർമ്മാണവും ഇറക്കുമതിയും കയറ്റുമതിയും പരിവഹണവും വിൽപനയും വിതരണവും സംഭരണവും പരസ്യവും) ആക്ട്, 2019
2. അന്താരാഷ്ട്ര ധനകാര്യ സേവന കേന്ദ്രങ്ങൾ അതോറിറ്റി ആക്ട്, 2019
3. പലായിത സാമ്പത്തിക കുറ്റവാളികൾ ആക്ട്, 2018
4. ഉപഭോക്തൃ സംരക്ഷണ ആക്ട്, 2019
5. ആയുർവേദത്തിൽ അധ്യാപനത്തിന്റേയും ഗവേഷണത്തിന്റേയും സ്ഥാപനം ആക്ട്, 2020

VI. *സൈൻ മാന്വൽ തയ്യാറാക്കുന്നതിന് പ്രസ്സിന് അയച്ചു കൊടുത്ത കേന്ദ്ര നിയമങ്ങൾ:—*

1. ഇലക്ട്രോണിക് സിഗററ്റുകളുടെ നിരോധനം (ഉൽപാദനവും നിർമ്മാണവും ഇറക്കുമതിയും കയറ്റുമതിയും പരിവഹണവും വിൽപനയും വിതരണവും സംഭരണവും പരസ്യവും) ആക്ട്, 2019
2. അന്താരാഷ്ട്ര ധനകാര്യ സേവന കേന്ദ്രങ്ങൾ അതോറിറ്റി ആക്ട്, 2019
3. പലായിത സാമ്പത്തിക കുറ്റവാളികൾ ആക്ട്, 2018
4. ഉപഭോക്തൃ സംരക്ഷണ ആക്ട്, 2019
5. ആയുർവേദത്തിൽ അധ്യാപനത്തിന്റെയും ഗവേഷണത്തിന്റെയും സ്ഥാപനം ആക്ട്, 2020

VII. *കേന്ദ്ര ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി ഗവ. പ്രസ്സിലേക്ക് അയച്ചു കൊടുത്ത കേന്ദ്ര നിയമങ്ങൾ:—*

1. ദാദ്ര നഗർ ഹവേലിയും ദാമൻ ദിയുവും (യൂണിയൻ പ്രദേശങ്ങളുടെ ലയനം) ആക്ട്, 2019
2. ട്രാൻസ്ജെൻഡർ ആളുകളുടെ (അവകാശങ്ങളുടെ സംരക്ഷണം) ആക്ട്, 2019
3. ദി അഡ്മിനിസ്ട്രേറ്റേർസ് ജനറൽ ആക്ട്, 1963

4. പ്രത്യക്ഷ നികുതി തർക്കത്തിൽനിന്നും വിശ്വാസത്തിലേക്ക് ആക്ട്, 2020
5. വൈകല്യങ്ങളുള്ള ആളുകളുടെ അവകാശങ്ങൾ ആക്ട്, 2016
6. ഭാരതത്തിന്റെ ലാന്റ് പോർട്ട് അതോറിറ്റി ആക്ട്, 2010
7. ആണവ നാശനഷ്ടത്തിനുള്ള സിവിൽ ബാധ്യതാ ആകട്, 2010
8. പാർലമെന്റിലെ പ്രതിപക്ഷ നേതാക്കളുടെ ശമ്പളവും ബത്തകളും ആക്ട്, 1977
9. ദി റയിൽവേ പ്രോപ്പർട്ടി (അൺലോഫുൾ പൊസെഷൻ) ആക്ട്, 1966
10. കെട്ടിട-മറ്റു നിർമ്മാണ തൊഴിലാളികളുടെ സെസ്സ് ആക്ട്, 1996
11. ദേശീയ ഹരിത ട്രിബ്യൂണൽ ആക്ട്, 2010
12. ലോക്പാലും ലോകായുക്തകളും ആക്ട്, 2013
13. സ്ഥിതിവിവരകണക്ക് ശേഖരിക്കൽ ആകട്, 2008
14. ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്റ്റർ ചെയ്യലും നിയന്ത്രണവും) ആക്ട്, 2010
15. ജോലിസ്ഥലത്ത് സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക പീഡനം തടയലും നിരോധനവും) ആകട്, 2013
16. ഭക്ഷ്യസുരക്ഷാ നിയമം, 2013

VIII. *പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്ന കേന്ദ്ര നിയമങ്ങൾ:—*

1. ഭാരതത്തിന്റെ ഭരണഘടനയുടെ ദ്വിഭാഷാ പതിപ്പ് (106-ാം ഭേദഗതി വരെ ഉൾപ്പെടുത്തിയത്)
2. പെട്രോളിയവും മിനറലുകളും പൈപ്പ് ലൈനുകൾ (ഉപയോക്താവിന്റെ ഭൂമിയിലുള്ള അവകാശ ആർജ്ജനം) ആക്ട്, 1962

IX. *പുനഃപ്രസിദ്ധീകരണത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നവ:—*

1. മനുഷ്യാവകാശ സംരക്ഷണ നിയമം, 1993
2. കുടുംബ കോടതികൾ ആക്ട്, 1984

3. ഊർജ്ജ സംരക്ഷണ നിയമം, 2001

4. പകർപ്പവകാശ നിയമം, 1957

5. ദി റിക്കവറി ഓഫ് ഡെറ്റ്സ് ഡ്യൂ റ്റു ബാങ്ക്സ് ആന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ ആക്ട്, 1993

2023-2024 വർഷത്തെ ചെലവ്

| ക്രമ നമ്പർ | ഇനം | ഹെഡ് ഓഫ് അക്കൗണ്ട് | ബജറ്റ് തുക 2023-24 (₹) | ചെലവഴിച്ച തുക (₹) | സറണ്ടർ ചെയ്ത തുക/ അധികം ചെലവായ തുക (₹) |
|---|---|---|---|---|---|
| 1 | ശമ്പളം | 2070-00-119-98-01 ശമ്പളം | 3,05,74,000 | 3,02,07,725 | 3,66,275 |
| 2 | വേതനം | 2070-00-119-98-02 വേതനം | 5,36,250 | 7,13,942 | −1,77,692 |
| 3 | യാത്രാ ബത്ത | 2070-00-119-98-04 യാത്രാചെലവുകൾ | 1,08,700 | 65,461 | 43,239 |
| 4 | ഓഫീസ് ചെലവുകൾ | 2070-00-119-98-05 മറ്റ് ചെലവുകൾ | 2,98,950 | 2,41,412 | 57,538 |
| 5 | വാടക | 2070-00-119-98-06 വാടകയും നിരക്കുകളും നികുതിയും | 5,80,000 | 5,49,645 | 30,355 |
| 6 | ഐ. ടി. | 2070-00-119-98-99 ഐ. ടി. | 9,30,000 | 9,28,908 | 1,092 |
| | | ആകെ | 3,30,27,900 | 3,27,07,093 | 3,20,807 |

(i) **വിവരാവകാശനിയമം, 2005**

2005-ലെ വിവരാവകാശ നിയമപ്രകാരം കമ്മീഷൻ സെക്രട്ടറിയെയും നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെയും യഥാക്രമം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായും അപ്പലേറ്റ് അതോറിറ്റിയായും നാമനിർദ്ദേശം ചെയ്തിട്ടുണ്ട്.

2023-24 വർഷത്തിൽ വിവരാവകാശ നിയമപ്രകാരം 5 അപേക്ഷകൾ ലഭിച്ചിരുന്നു. പ്രസ്തുത കാലയളവിൽ തീർപ്പാകാതെയുള്ള അപ്പീലുകളൊന്നും നിലവിലുണ്ടായിരുന്നില്ല.

(ii) **ഔദ്യോഗിക ഭാഷാ നിയമം**

കമ്മീഷനിലെ ഫയലുകളെല്ലാംതന്നെ ഔദ്യോഗിക ഭാഷയിലാണ് കൈകാര്യം ചെയ്യുന്നത്.

(iii) **കമ്പ്യൂട്ടർവൽക്കരണം**

ആധുനികവൽക്കരണത്തിന്റെ ഭാഗമായി കമ്മീഷൻ ഓഫീസ് കമ്പ്യൂട്ടർ വൽക്കരണ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

കമ്മീഷന്റെ ഔദ്യോഗിക ഇ-മെയിൽ ആയി ഉപയോഗിക്കുന്ന വിലാസം താഴെ പറയും പ്രകാരമാണ്.

ollc1968@gmail.com

ഈ സാമ്പത്തിക വർഷം കമ്മീഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

---